**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 846** **29-08-2022 - ൽ മറുപടിയ്ക്ക്**

**സീമാറ്റ് പഠന റിപ്പോർട്ട് -ആദിവാസി ഊരുകളിലെ വിദ്യാഭ്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പത്താം ക്ലാസ് എത്തുന്നതോടെ ആദിവാസി മേഖലകളിലെ 90 ശതമാനത്തിലധികം കുട്ടികളും പഠനം ഉപേക്ഷിക്കുന്നതായും 15 വയസ്സിനുള്ളിൽ ഇവർക്ക് ശരിയായ ലക്ഷ്യബോധം സൃഷ്ടിക്കാൻ നിലവിലെ വിദ്യാഭ്യാസ രീതിക്ക് കഴിയുന്നില്ലെന്നും വിദ്യാഭ്യാസ പരിശീലന സ്ഥാപനമായ സീമാറ്റ് കേരള നടത്തിയ പഠന റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുകയുണ്ടായോ; | (എ) | സീമാറ്റ് കേരള നടത്തിയ പഠന റിപ്പോർട്ടിൽ ഈ വിവരം ചൂണ്ടിക്കാണിച്ചിട്ടില്ല. |
| (ബി) | ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നാണ് ടി റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളത്; | (ബി) | സീമാറ്റ് കേരള നടത്തിയ പഠന റിപ്പോർട്ടിൽ ഈ വിവരം ചൂണ്ടിക്കാണിച്ചിട്ടില്ല. |
| (സി) | ആദിവാസി ഊരുകളിൽ നിന്നുള്ള വിദ്യാർത്ഥികളെ ഉന്നത വിദ്യാഭ്യാസ മേഖലയിലേക്ക് കൊണ്ടുവരുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്? | (സി) | പട്ടികവർഗ്ഗ ഊരുകളിൽ നിന്നുള്ള വിദ്യാർത്ഥികളെ ഉന്നത വിദ്യാഭ്യാസ മേഖലയിലേക്ക് എത്തിക്കുന്നതിനായി ഹയർസെക്കണ്ടറി, ബിരുദ ക്ലാസുകളിലേക്കുള്ള പ്രവേശനം ഉറപ്പു വരുത്തുന്നതിനായി ഏകജാലക സംവിധാനം വഴി അപേക്ഷകൾ നൽകാൻ സൗകര്യം ഒരുക്കിയിട്ടുണ്ട്. പ്രമോട്ടർമാർ, സോഷ്യൽ വർക്കർമാർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ എന്നിവരുടെ സഹകരണത്തോടെ ഒഴിവുകൾ യഥാസമയം അറിയിക്കാനും സ്പോട്ട് അഡ്മിഷൻ തീയതികൾ ലഭ്യമാക്കി കുട്ടികളെ സ്ഥാപനങ്ങളിൽ എത്തിക്കാനും എല്ലാ ജില്ലാ ആഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുപുറമെ സർവകലാശാലകളിൽ ഇവർക്ക് പ്രവേശനവേളയിലും തുടർന്നും ഉണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിനായി വകുപ്പുമായി ഏകോപനത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്നവർക്ക് സോഫ്റ്റ് സ്കിൽ പരിശീലനം നൽകാൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിനു |

| | | | |
|---|---|---|---|
| | | | പുറമെ സിവിൽ സർവീസ് പരിശീലനം, വിദേശ പഠന സ്കോളർഷിപ്പ്, എൻട്രൻസ് പരിശീലനത്തിന് സൗകര്യങ്ങൾ എന്നിവയും ചെയ്തുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ